REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 16-02-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ന്യൂഡൽഹി റെയിൽവേ സ്റ്റേഷനിൽ ഇന്നലെ രാത്രി തിക്കിലും തിരക്കിലും 15 പേർ മരിച്ചു. റെയിൽവേ മന്ത്രാലയം അന്വേഷണം പ്രഖ്യാപിച്ചു.**
- **ആഗോള തലത്തിൽ ഇതുവരെ കിട്ടാത്ത സ്ഥാനമാണ് ഇന്ത്യക്ക് ലഭിച്ചിരിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ലഹരി വിപത്തിനെതിരെ അടുത്ത അധ്യായനവർഷം ഗവൺമെന്റ് വിപുലമായ ക്യാംപയിൻ സംഘടിപ്പിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **തദ്ദേശ സ്ഥാപനങ്ങൾ സ്വന്തം ഇടങ്ങളിലെ വികസന പ്രവർത്തനങ്ങൾക്ക് സ്വയം പണം കണ്ടെത്തണമെന്ന് നിയമസഭാ സ്പീക്കർ AN ഷംസീർ**
- **ISL ഫുട്ബോളിൽ കൊച്ചിയിൽ മോഹൻബഗാൻ, കേരളാ ബ്ലാസ്റ്റേഴ്സിനെ പരാജയപ്പെടുത്തി.**

## വാർത്തകൾ വിശദമായി

ന്യൂഡൽഹി റെയിൽവേ സ്റ്റേഷനിൽ ഇന്നലെ രാത്രി ഉണ്ടായ തിക്കിലും തിരക്കിലും 15 പേർ മരിക്കുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തു. പ്രയാഗ് രാജ് മഹാകുംഭമേളയിൽ പങ്കെടുക്കാൻ യാത്രക്കാർ തടിച്ചുകൂടിയതോടെയാണ് പത്തുമണിയോടെ അപകടമുണ്ടായത്. മരിച്ചവരിൽ മൂന്ന് പേർ കുട്ടികളാണ്.

റെയിൽവേ സ്റ്റേഷനിലെ 14,15 പ്ലാറ്റ് ഫോമുകളിൽ ട്രെയിനിൽ കയറാൻ വൻ ജനക്കൂട്ടം എത്തിയിരുന്നു. പ്രയാഗ് രാജ് എക്സ്പ്രസ് 14-ാം പ്ലാറ്റ്ഫോമിൽ എത്തിയതോടെ യാത്രക്കാർ അവിടേക്ക് പാഞ്ഞെത്തുകയായിരുന്നു.

യാത്രക്കാർ തിക്കിലും തിരക്കിലും മരിച്ച സംഭവത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദുഃഖവും വേദനയും അറിയിച്ചു. പരിക്കേറ്റവർ എത്രയും വേഗം സുഖപ്പെടട്ടെയെന്നും അദ്ദേഹം എക്സ് പോസ്റ്റിൽ കുറിച്ചു.

സംഭവത്തെ കുറിച്ച് റെയിൽവേ മന്ത്രാലയം അന്വേഷണം പ്രഖ്യാപിച്ചു.

✪✪✪

ആഗോള തലത്തിൽ ഇതുവരെ കിട്ടാത്ത സ്ഥാനമാണ് ഇന്ത്യക്ക് ലഭിച്ചിരിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. പ്രമുഖ രാഷ്ട്രങ്ങളും പ്ലാറ്റ്ഫോമുകളും ഇന്ത്യയിൽ അർപ്പിക്കുന്ന വിശ്വാസം മുമ്പ് എന്നത്തെക്കാളും ശക്തമാണെന്നും അദ്ദേഹം വ്യക്തമാക്കി. ന്യൂഡൽഹിയിൽ ഒരു മാധ്യമ സ്ഥാപനം സംഘടിപ്പിച്ച ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

ഡെസ്ക് റിപ്പോർട്ട്.

.........വോയ്സ്..........

ഭാവിയെ സംബന്ധിച്ച ആഗോള ചർച്ചകളുടെ ശ്രദ്ധാകേന്ദ്രം ഇപ്പോൾ ഇന്ത്യയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഇത്തരം ചർച്ചകൾക്ക് വേദിയാകുന്നതും പലപ്പോഴും ഇന്ത്യ തന്നെയാണ്.

2014 മുതൽ വിവിധ വികസനത്തിന്റെ പാതയിലാണ് രാജ്യം. ഒരു പതിറ്റാണ്ടിനുള്ളിൽ ലോകത്തെ അഞ്ചാമത്തെ സാമ്പത്തിക ശക്തിയായി ഇന്ത്യ മാറി. വരും വർഷങ്ങളിൽ മൂന്നാം സ്ഥാനത്തേക്ക് രാജ്യം ഉയരുമെന്ന് നരേന്ദ്രമോദി വിശ്വാസം പ്രകടിപ്പിച്ചു. കഴിഞ്ഞ മൂന്ന് വ്യവസായ വിപ്ലവങ്ങൾ ഇന്ത്യക്ക് നഷ്ടമായെങ്കിലും നാലാമത്തെ വ്യവസായ വിപ്ലവത്തിന് രാജ്യമായിരിക്കും നേതൃത്വം നൽകുന്നത്. വികസിത ഭാരത യാത്രയിൽ സ്വകാര്യമേഖലയിലെ സുപ്രധാന പങ്കാളിയെന്ന നിലയിലാണ് ഗവൺമെന്റ് കാണുന്നതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

✪✪✪

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ സംഘടിപ്പിക്കുന്ന ഭാരത് ടെക്സ്-2025 പരിപാടിയെ, പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്യും. അസംസ്കൃത വസ്തുക്കൾ മുതൽ നിർമ്മിത ഉൽപ്പന്നങ്ങൾ വരെ മുഴുവൻ

തുണിത്തരങ്ങളേയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന പരിപാടിയാണ് ഭാരത് ടെക്സ്. വെള്ളിയാഴ്ച ആരംഭിച്ച പരിപാടി നാളെ സമാപിക്കും.

✪✪✪

ആദിവാസി സംസ്കൃതിയും കരകൗശല വൈദഗ്ധ്യവും ഗോത്ര കലാപാരമ്പര്യവും പ്രകടമാക്കുന്ന ആദി മഹോത്സവ് -2025 രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിലെ മേജർ ധ്യാൻചന്ദ് സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്യും. ശ്രീലങ്കയിലെയും ഇന്തോനേഷ്യയിലെയും പ്രതിനിധികൾ മഹോത്സവത്തിൽ സംബന്ധിക്കും.

വിവിധ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും വൈവിധ്യമാർന്ന പാരമ്പര്യങ്ങളെ പ്രതിനിധീകരിക്കുന്ന 600 ആദിവാസി കരകൗശല വിദഗ്ദ്ധർ മഹോത്സവത്തിൽ പങ്കെടുക്കും. പ്രത്യേക ഭക്ഷ്യമേളയും ഒരുക്കിയിട്ടുണ്ട്.

✪✪✪

പേവിഷ ബാധാ മരണങ്ങളില്ലാത്ത ജില്ലയായി കോട്ടയത്തെ മാറ്റുന്നതിന് പേവിഷമുക്ത കോട്ടയം പദ്ധതിക്ക് തുടക്കമായി. കേന്ദ്രമന്ത്രി ജോർജ് കുര്യൻ പരിപാടി ഉദ്ഘാടനം ചെയ്തു

ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ റാബീസ് ഫ്രീ കേരള പദ്ധതിയുടെ ഭാഗമായാണ് പേവിഷമുക്ത പരിപാടി നടപ്പാക്കുന്നത്.

✪✪✪

ഡോ. ശശി തരൂർ MP-യുടെ ലേഖനവുമായി ബന്ധപ്പെട്ട ചർച്ചകൾ വിവാദങ്ങൾക്ക് സന്ദർഭമാക്കരുതെന്ന് മന്ത്രി P രാജീവ് പറഞ്ഞു. ഈ മാസം 21ന് ഇൻവെസ്റ്റ് കേരള ഉച്ചകോടിയ്ക്ക് വേദിയൊരുങ്ങുമ്പോൾ തർക്കങ്ങളുണ്ടെന്ന പ്രതീതി ഗുണകരമാവില്ലെന്ന് അദ്ദേഹം കൊച്ചിയിൽ പറഞ്ഞു. സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കാൻ എല്ലാവരും ഒരുമിച്ച് നിൽക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

✪✪✪

ലഹരി വിപത്തിനെതിരെ അടുത്ത അധ്യായനവർഷം ഗവൺമെന്റ് വിപുലമായ ക്യാംപയിൻ സംഘടിപ്പിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. KSTA സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി കോഴിക്കോട് മുതലക്കുളം മൈതാനിയിൽ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.....വോയ്സ്.......

ലഹരി മാഫിയ കുഞ്ഞുങ്ങളെ ലക്ഷ്യമിടുന്ന സാഹചര്യം വല്ലാതെ കൂടിയിട്ടുണ്ടെന്നും ചില കുട്ടികൾ ഇതിൽ പെട്ടുപോകുന്നത് വലിയ സാമൂഹ്യ വിപത്താണെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഇത് അതീവ ഗൗരവമായി കണ്ട് ജാഗ്രത പാലിക്കുകയും ചതിയിൽ വീണ കുട്ടികളെ രക്ഷിച്ചെടുക്കുകയും വേണം. അവരുടെ ആത്മാഭിമാനത്തെ വ്രണപ്പെടുത്താത്ത തരത്തിലാണ് പരിഹാര നടപടികൾ നടപ്പാക്കേണ്ടതെന്നും മുഖ്യമന്ത്രി പറഞ്ഞു.

'അരികിലുണ്ട് അധ്യാപകർ' എന്ന സന്ദേശവുമായി KSTA രൂപം നൽകിയ ടീച്ചേഴ്സ് ബ്രിഗേഡിന് ചടങ്ങിൽ തുടക്കമായി. ബ്രിഗേഡിന്റെ ലോഗോയും തീം സോങ്ങും മുഖ്യമന്ത്രി പുറത്തിറക്കി.

നിക്ഷേപസൗഹൃദത്തിൽ കേരളം ഒന്നാം സ്ഥാനത്തെത്തിയതിനെ ഒരു ജനപ്രതിനിധി പുകഴ്ത്തിയതിനെ അംഗീകരിക്കാൻ ചിലർക്ക് പ്രയാസം തോന്നുകയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

മുണ്ടക്കൈ- ചൂരൽമല ദുരന്തത്തിൻ കേന്ദ്രത്തിൽ നിന്ന് കൂടുതൽ പുനരധിവാസ സഹായം നേടിയെടുക്കാൻ ശ്രമം തുടരുമെന്നും മുഖ്യമന്ത്രി കോഴിക്കോട്ട് വിവിധ ചടങ്ങുകളിൽ പറഞ്ഞു.

✪✪✪

അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരുന്ന കണ്ണൂർ പെരളശ്ശേരി AKG സ്മാരക ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിലെ ബഹുനില കെട്ടിടം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 20 കോടി രൂപ ചെലവിലാണ് കെട്ടിടം നിർമ്മിച്ചത്.

കണ്ണൂർ ജില്ലയിലെ വിവിധ പരിപാടിയിൽ പങ്കെടുക്കുന്ന മുഖ്യമന്ത്രി വൈകീട്ട് കേരള പൊലീസ് പെൻഷനേഴ്സ് അസോസിയേഷൻ പൊതുസമ്മേളനവും ഉദ്ഘാടനം ചെയ്യും.

✪✪✪

തദ്ദേശ സ്ഥാപനങ്ങൾ സ്വന്തം ഇടങ്ങളിലെ വികസന പ്രവർത്തനങ്ങൾക്ക് സ്വയം പണം കണ്ടെത്തണമെന്ന് നിയമസഭാ സ്പീക്കർ AN ഷംസീർ പറഞ്ഞു. വികസനത്തിന് ആവശ്യമായ സ്ഥലം കണ്ടെത്തിയാൽ ഗവൺമെന്റിന്റെ വികസനപ്രവർത്തികൾ വേഗത്തിലാക്കാൻ കഴിയും. പത്തനംതിട്ട ടൗൺ സ്ക്വയറിന്റെ സമർപ്പണവും മുൻ MLA, KK നായരുടെ പ്രതിമ അനാച്ഛാദനവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു സ്പീക്കർ.

ജസ്റ്റീസ് ഫാത്തിമാ ബീവി സ്മാരക കവാടം ചടങ്ങിൽ മന്ത്രി മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു.

✪✪✪

ആജീവനാന്ത പഠനം ഈ യുഗത്തിന്റെ മന്ത്രമാണെന്ന് മന്ത്രി V ശിവൻകുട്ടി പറഞ്ഞു. ജോലി മാത്രമല്ല, രാഷ്ട്രനിർമ്മാണത്തിനും സാങ്കേതിക വിദ്യാഭ്യാസം പ്രധാന പങ്ക് വഹിക്കുന്നുണ്ടെന്ന് അദ്ദേഹം കാസർക്കോട്ട് പറഞ്ഞു. പിലിക്കോട് ഗവൺമെന്റ് ITI കെട്ടിടത്തിന് തറക്കല്ലിട്ട് സംസാരിക്കുകയായിരുന്നു മന്ത്രി.

കൂലേരി LP സ്കൂളിന്റെ ഇരുനില കെട്ടിടവും മറ്റൊരു ചടങ്ങിൽ മന്ത്രി നാടിന് സമർപ്പിച്ചു.

✪✪✪

പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണവും പ്രചാരണവും ഉറപ്പുവരുത്താൻ ഈ മാസം 22 മുതൽ 24 വരെ ആലപ്പുഴ കഞ്ഞിക്കുഴി പഞ്ചായത്തിൽ സംസ്ഥാനതല പരമ്പരാഗത വിത്തുത്സവം നടത്തും. പരമ്പരാഗത വിത്തിനങ്ങളുടെ പ്രദർശനം, കൈമാറ്റം, കർഷകരുടെ അനുഭവം പങ്കുവെയ്ക്കൽ, സെമിനാറുകൾ എന്നിവ ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്. വനം വകുപ്പിന്റെ "ചില്ല" എക്കോഷോപ്പുകളുടെ ഉൽപ്പന്ന പ്രദർശനവും, മൂന്നാറിലെ ഗോത്ര സമൂഹത്തിന്റെ പരമ്പരാഗത ഭക്ഷ്യമേളയും വിത്തുത്സവത്തിൽ ഉണ്ടായിരിക്കും. മന്ത്രി പി. പ്രസാദ് പരമ്പരാഗത വിത്ത് ഉത്സവ പ്രദർശന സ്റ്റാൾ ഉദ്ഘാടനം ചെയ്യും.

✪✪✪

ISL ഫുട്ബോളിൽ കൊച്ചിയിൽ മോഹൻബഗാൻ, കേരളാ ബ്ലാസ്റ്റേഴ്സിനെ പരാജയപ്പെടുത്തി. മറുപടിയില്ലാത്ത മൂന്ന് ഗോളിനാണ് മോഹൻബഗാന്റെ വിജയം. തോൽവിയോടെ ബ്ലാസ്റ്റേഴ്സിന്റെ പ്ലേ ഓഫ് സാധ്യതകൾ മങ്ങി.

ഇന്ന് മൊഹമ്മദൻസ് SC, ഈസ്റ്റ് ബംഗാളിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് കൊൽക്കത്തയിലാണ് മത്സരം.

✪✪✪

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസ് മുംബൈ ഇന്ത്യൻസിനെ പരാജയപ്പെടുത്തി. ഇന്ന് ഗുജറാത്ത് ജയന്റ്സ്, UP വാരിയേഴ്സിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് വഡോദരയിലാണ് മത്സരം.

✪✪✪

കോഴിക്കോട്ട് എലൈറ്റ് കേരള ഫുട്ബോൾ ലീഗിൽ സെന്റ് ജോസഫ് കോളേജ് - കേരള പൊലീസ് മത്സരം സമനിലയിൽ പിരിഞ്ഞു. ഇരു ടീമുകളും ഓരോ ഗോൾ അടിച്ചു. കേരള പൊലീസ് ഗോൾകീപ്പർ മുഹമ്മദ് അസ്ഹറിനെ കളിയിലെ താരമായി തെരഞ്ഞെടുത്തു.

✪✪✪

ജയിൽ മോചിതരാകുന്നവർക്ക് പുതു ജീവിതം കണ്ടെത്താൻ സഹായിക്കുന്ന 'സഫലം പദ്ധതി' കണ്ണൂർ സെൻട്രൽ ജയിലിൽ ആരംഭിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO.ശശിധരൻ.

......വോയ്സ്....

ജയിൽ മോചിതരാകുന്ന അന്തേവാസികൾക്ക് ഉത്തമ പൗരന്മാരായി ജീവിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനും നിയമ ലംഘന സാഹചര്യങ്ങളിൽ നിന്ന് പരിപൂർണ്ണമായും അകന്ന് നിൽക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ് സഫലം പദ്ധതി ആരംഭിച്ചത്. പൊതുസമൂഹത്തിന്റെ ആരോഗ്യകരമായ വളർച്ചയെ ത്വരിതപ്പെടുത്താനുള്ള കാര്യശേഷി നൽകുക എന്നതും പദ്ധതിയുടെ ലക്ഷ്യമാണ്. സാമൂഹ്യനീതി, പോലീസ്, എക്സൈസ് വകുപ്പുകളുമായി ചേർന്നാണ് സഫലം പദ്ധതിക്ക് നടപ്പാക്കുക. ജയിൽ മോചിതരാകുന്ന അന്തേവാസികൾക്കായി ഓരോ മാസവും ശില്പശാലകൾ , ബോധവൽക്കരണ ക്ലാസുകൾ, പരിശീലന കളരികൾ തുടങ്ങിയവ സംഘടിപ്പിക്കും. കണ്ണൂർ സെൻട്രൽ ജയിലിൽ ഉത്തരമേഖലാ ജയിൽ ഡിഐജി ബി. സുനിൽ കുമാർ ഉദ്ഘാടനം ചെയതു. സാമൂഹ്യനീതി വകുപ്പ് മുൻ അസി. ഡയറക്ടർ അഷറഫ് കാവിൽ മുഖ്യപ്രഭാഷണം നടത്തി.

✪✪✪

മറ്റ് സംസ്ഥാനങ്ങളിലെ പോലീസിന്റെ നിലവാരത്തേക്കാൾ മികച്ച നിലവാരമാണ് കേരള പോലീസിന്റേതെന്ന് മന്ത്രി എ.കെ. ശശീന്ദ്രൻ പറഞ്ഞു.

കണ്ണൂരിൽ കേരള പോലീസ് പെൻഷനേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനത്തിൻെറ പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെച്ചുകയായിരുന്നു മന്ത്രി.

✪✪✪

വിവരാവകാശ നിയമം കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി രണ്ടുതരം നടപടികളിലേക്ക് കമ്മീഷൻ കടക്കുകയാണെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷണർ ഡോ. A. അബ്ദുൽ ഹക്കീം കോഴിക്കോട്ട് പറഞ്ഞു. പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ സ്വയം വെളിപ്പെടുത്തേണ്ട വിവരങ്ങൾ

നൽകാത്ത സാഹചര്യത്തിൽ ഓഫീസ് മേധാവിയെ കൂടി കുറ്റക്കാരനായി കണ്ട് നടപടിയെടുക്കും.

വിവരാവകാശ നിയമത്തിന്റെ പഴുതുകൾ ഉപയോഗിച്ച് ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ സമയവും വിഭവ ശേഷിയും ദുരുപയോഗം ചെയ്യുന്ന അപേക്ഷകർക്കെതിരെയും നടപടിയെടുക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഇത്തരം അപേക്ഷകരെ കരിമ്പട്ടികയിൽ പെടുത്തും. സംസ്ഥാനത്ത് രണ്ടുപേർക്കെതിരെ ഇത്തരത്തിൽ നടപടി എടുത്തിട്ടുണ്ടെന്നും ഡോ. ഹക്കീം പറഞ്ഞു.

✪✪✪

25 വർഷം മുന്നിൽ കണ്ടാണ് കേരളത്തിലെ വികസന നടപടികൾ നടത്തുന്നതെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു.

മാവേലിക്കരയിലെ നൂറനാട്, പുലിമേൽ - ചുനക്കര ബണ്ട് റോഡിന്റെയും 11 ജില്ലകളിലെ 41 നിയമസഭാ മണ്ഡലങ്ങളിലെ നിർമ്മാണം പൂർത്തീകരിച്ച 93 തീരദേശ റോഡുകളും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

അഖില കേരള റേഡിയോ ലിസണേഴ്സസ് അസോസിയേഷൻ മലപ്പുറം ജില്ലാ കമ്മിറ്റിയുടെ റേഡിയോ ശ്രോതാക്കളുടെ സുഹൃദ് സംഗമം ഇന്ന് മഞ്ചേരിയിൽ UA ലത്തീഫ് MLA ഉദ്ഘാടനം ചെയ്യും.

കോഴിക്കോട് ആകാശവാണിയിൽ നിന്നും വിരമിക്കുന്ന വാർത്താ അവതാരകൻ ഹക്കിം കൂട്ടായിയെ ചടങ്ങിൽ ആദരിക്കും.

✪✪✪

*News Reader: അനിൽ ചന്ദ്രൻ*
*Casual News Reader: രജ്ന കെ, ഫസ്ന ഫാത്തിമ*
*DEO: സുബോധ് സി കെ*